THE CONTRARIAN CONSULTANT

ആരോഗ്യ മേഖലയിലെ പ്രതിസന്ധി നേട്ടമാക്കാം

ടിനി ഫിലിപ്പ്

വരും മാസങ്ങളിൽ നിരവധി ഹോസ്പിറ്റലുകൾ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് അടച്ചു പൂട്ടിയേക്കാം. എന്നാൽ ആരോഗ്യ മേഖലയ്ക്ക് അതും നേട്ടമാക്കാനാകും

ആരോഗ്യ മേഖലയിൽ വികസ്വര രാഷ്ട്രങ്ങൾക്കുള്ള മാതൃകയായാണ് കേരളം പരിഗണിക്കപ്പെടുന്നത്. നീതി ആയോഗ് തയാറാക്കിയ രാജ്യത്തെ ഹെൽത്ത് കെയർ റാങ്കിംഗിൽ കേരളം ഒന്നാമത് എത്തിയിരുന്നു. ഈ നേട്ടത്തിൽ സ്വകാര്യ ആരോഗ്യ മേഖലയ്ക്കുള്ള പങ്ക് വലുതാണ്. നാഷണൽ സാംപിൾ സർവേ ഓർഗനൈസേഷൻ തയാറാക്കിയ റിപ്പോർട്ട് പ്രകാരം (NSSO, 71 st Round 2014) സംസ്ഥാനത്തെ ആകെ ചികിത്സയുടെ 62 ശതമാനം കൈകാര്യം ചെയ്യുന്നത് സ്വകാര്യ മേഖലയാണ്. 1998 മുതലുള്ള കാലത്ത് സംസ്ഥാനത്ത് 20 ലേറെ സ്വകാര്യ മെഡിക്കൽ കോളേജുകൾ തുറക്കുകയും ഇതു വഴി ചെലവു കുറഞ്ഞ ചികിത്സയ്ക്കുള്ള അവസരം കാര്യമായി വർധിക്കുകയും ചെയ്തു.

എന്നാൽ കഴിഞ്ഞ ഒരു ശതാബ്ദത്തിനിടയിൽ നിരവധി കോർപ്പറേറ്റ് ഹോസ്പിറ്റലുകൾ വന്നതോടെ അവരോട് മത്സരിക്കുവാനും വർധിച്ചു വരുന്ന രോഗികൾക്ക് സൗകര്യം ഒരുക്കുന്നിനുമായി സ്വകാര്യ ഹോസ്പിറ്റലുകൾ അവരുടെ ഭൗതിക സൗകര്യങ്ങൾ നല്ലപോലെ വർധിപ്പിക്കേണ്ടി വന്നു.

പുതിയ സൗകര്യങ്ങൾക്ക് അനുസരിച്ച് രോഗികളെ ലഭിച്ചതിനാൽ 2015 വരെ സ്വകാര്യ ആശുപത്രികളുടെ വളർച്ച നല്ല രീതിയിൽ തന്നെയായിരുന്നു. ആ സമയങ്ങളിൽ ഡോക്ടർമാരുടെ എണ്ണം വളരെ കുറവായതിനാൽ ഉയർന്ന ശമ്പളം നൽകേണ്ടി വന്നിരുന്നു. അതേസമയം നഴ്സുമാർ വിദേശ ജോലി നേടുക എന്ന ലക്ഷ്യത്തിലുള്ളവരായതുകൊണ്ട് കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യാൻ തയാറായിരുന്നു. അതു മൂലം താഴെയുള്ള ജീവനക്കാർക്കും കുറഞ്ഞ ശമ്പളം നൽകിയാൽ മതിയായിരുന്നു.

വീണ്ടും പ്രതിസന്ധിയിലേക്ക്

എണ്ണവിലയിൽ ഇടിവു മൂലം 2015 മുതൽ പ്രവാസികൾ കൂട്ടത്തോടെ നാട്ടിലേക്ക് മടങ്ങുകയാണ്. 2018 ൽ കൂടുതൽ പേർ തിരികെ വരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. നോട്ടു നിരോധനവും ജിഎസ്ടിയും വന്നതോടെ കാര്യങ്ങൾ കൂടുതൽ വഷളായി. ജിഎസ്ടി വരുമാനത്തിൽ കുറവു വന്നതോടെ സംസ്ഥാനത്തെ ട്രഷറി പേമെന്റുകളിൽ കാലതാമസം വർധിച്ചു. ഇതിനിടയിൽ ഒമ്പത് ജില്ലകളെ വരൾച്ചാ ബാധ്യത പ്രദേശങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഈ പ്രതിസന്ധികളെല്ലാം കൂടി ഒരുമിച്ചു വന്നതോടെ രോഗികളിൽ വലിയൊരു ഭാഗം കുറഞ്ഞ ചെലവിലുള്ള ചികിത്സാ വഴികളെ കുറിച്ച് ആലോചിച്ചു തുടങ്ങി.

സർക്കാർ ആശുപത്രികൾ, സ്വകാര്യ മേഖലാ മെഡിക്കൽ കോളേജുകൾ, ചാരിറ്റബിൾ ഹോസ്പിറ്റലുകൾ എന്നിവയ്ക്കുമുള്ള ചെലവുകുറഞ്ഞ ആശുപത്രികളിലേക്കായി പിന്നീട് രോഗികളുടെ ഒഴുക്ക്. ചികിത്സാ ചെലവ് താങ്ങാനാവാത്തതിനാൽ പല രോഗികളും പ്രത്യേക ചികിത്സകൾ വേണ്ടെന്ന് വെക്കുകയോ മാറ്റിവെക്കുകയോ ചെയ്തത് മിക്ക സ്വകാര്യ ആശുപത്രികളുടെയും ലാഭത്തിൽ ഇടിവ് ഉണ്ടാക്കി. വൻതുക വായ്പയെടുത്ത ഹോസ്പിറ്റലുകൾക്ക് അതിന്റെ പലിശയ്ക്കുമുള്ള തിരിച്ചടവ് വലിയ ബാധ്യതയായതിനാൽ ഒന്നെങ്കിൽ രോഗികളിൽ നിന്ന് വലിയ തുക ഈടാക്കുക അതല്ലെങ്കിൽ നഷ്ടത്തിൽ പ്രവർത്തിക്കുക എന്ന സ്ഥിതിയായിരുന്നു.

ഒപ്പം നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും വർധിപ്പിക്കേണ്ടി വന്നത് പല ഹോസ്പിറ്റലുകളെയും നഷ്ടത്തിലാക്കി. ഈ പ്രതിസന്ധി മറികടക്കാൻ പല സ്വകാര്യ ഹോസ്പിറ്റലുകളും ചികിത്സാ ചാർജ് വർധിപ്പിക്കാൻ നിർബന്ധിതരാവുന്നുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധി മൂലം ഭൂരിഭാഗം രോഗികൾക്കും ഇത്തരത്തിലുള്ള ചികിത്സ താങ്ങാനാവാതെ വരും.

തന്മൂലം ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭ്യമാകുന്ന ഹോസ്പിറ്റലുകളിൽ രോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുകയും ചെലവേറിയ ചികിത്സ നൽകുന്ന ഹോസ്പിറ്റലുകളിൽ രോഗികൾ വൻതോതിൽ കുറയുകയും ചെയ്യും. വലിയ വായ്പകളും ശേഷി പൂർണമായും വിനിയോഗിക്കാത്തതും മൂലം ചികിത്സാ ചാർജ് വർധിപ്പിക്കേണ്ടി വന്ന ഹോസ്പിറ്റലുകൾ നഷ്ടം നികത്താനുള്ള ഫണ്ട് ഇല്ലെങ്കിൽ അടച്ചു പൂട്ടാൻ നിർബന്ധിതരാകും.

സാമ്പത്തിക ഭദ്രതയുള്ള ആശുപത്രികൾക്ക് അവസരം

അടുത്ത ഏതാനും മാസങ്ങളിൽ നിരവധി ഹോസ്പിറ്റലുകൾ പൂട്ടേണ്ടി വരുന്നത് ദുഃഖകരമാണെങ്കിലും സാമ്പത്തിക ഭദ്രതയുള്ള ഹോസ്പിറ്റലുകൾക്ക് മികച്ച അവസരം ഒരുങ്ങും. സാമ്പത്തികമായി മെച്ചപ്പെട്ട, ചെലവു കുറഞ്ഞ നിരവധി ഹോസ്പിറ്റലുകൾ കേരളത്തിലുണ്ട്. അതുകൊണ്ടു തന്നെ ഹോസ്പിറ്റലിന്റെ ശേഷി വർധിപ്പിക്കുന്നതിനായി അവർക്ക് വലിയ തോതിൽ വായ്പ എടുക്കേണ്ട തില്ല. മറിച്ച്, ഹോസ്പിറ്റലിൽ നിന്നു ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ഘട്ടംഘട്ടമായി വികസിപ്പിക്കാനാകും. അതിനാൽ ആരോഗ്യ രംഗത്ത് ചെലവു കുറഞ്ഞ ചികിത്സാ സൗകര്യം നൽകുന്ന സ്ഥാപനങ്ങളായി, നിലവിലുള്ള രോഗികളുടെ എണ്ണം കുറയാതെയും ചിലപ്പോൾ വർധിച്ചും നിലനിൽക്കാനാകും.

കഴിഞ്ഞ പത്തു വർഷത്തിലേറെയായി, തങ്ങളുടെ രോഗികളെ മറ്റു വൻകിട ഹോസ്പിറ്റലുകളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലേക്ക് അയക്കാതെ നിർബന്ധിതരാകുന്ന ചെറുകിട ഹോസ്പിറ്റലുകൾ പലതും ഓങ്കോളജി, കാർഡിയോളജി, യൂറോളജി, ഗാസ്ട്രോ എന്ററോളജി, നെഫ്രോളജി തുടങ്ങിയ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകൾ സ്വന്തമായി ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. അതേ ഹോസ്പിറ്റലുകളിലെ ജനറൽ ഫിസിഷ്യൻമാരും അത്യാഹിത വിഭാഗവും 100 കിലോമീറ്റർ ചുറ്റളവിലുള്ള ചെറിയ ഹോസ്പിറ്റലുകളിൽ (Feeding hospitals) നിന്ന് റഫർ ചെയ്യുന്ന രോഗികളുമാണ് ഈ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളിലേക്ക് എത്തുന്നത്. ഇതിന്റെ ഫലമായി കഴിഞ്ഞ പത്തോളം വർഷങ്ങളായി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലെത്തുന്ന രോഗികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാകുന്നുണ്ട്.

ഇന്ത്യയിലും ജി.സി.സി രാജ്യങ്ങളിലുമായി സ്വതന്ത്രമായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡൈസറാണ് ലേഖകൻ. ജോലി നിന്ന് പുഴുത്തതിനു ശേഷം ബിസിനസ് അഡൈസറായി പ്രവർത്തനം ആരംഭിച്ചു. അദ്ദേഹം റിസൾട്ടീസ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. we i e www.we eli e e l . om em il iny ili m il. om

ചെറിയ ആശുപത്രികളെ ഏറ്റെടുത്ത് ഫീഡിംഗ് ആശുപത്രികളാക്കാം

സ്വന്തമായി കെട്ടിടമുള്ള ചെലവ് കുറഞ്ഞ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്ക് നിലനിൽക്കണമെങ്കിൽ ഇന്ന് ഹൗസ് ആയി തന്നെ രോഗികളെ കണ്ടെത്തേണ്ടി വരുന്ന സ്ഥിതിയായി. അതിനുള്ള ഒരു വഴി, ഇവരുടെ നിയന്ത്രണത്തിൽ തന്നെ ഫീഡിംഗ് ഹോസ്പിറ്റലുകൾ ഉണ്ടായിരിക്കുക എന്നതാണ്.

അടുത്ത കാലം വരെ, ഫീഡിംഗ് മേഖലകളിൽ സ്വന്തമായി ഹോസ്പിറ്റൽ സ്ഥാപിക്കുക എന്നത് വലിയ നിക്ഷേപം ആവശ്യമായി വരുന്നതും ബുദ്ധിമുട്ടേറിയതുമായ കാര്യമായിരുന്നു. അതിനേക്കാൾ എളുപ്പമായിരുന്നു നിലവിലുള്ള ഹോസ്പിറ്റലിന്റെ ശേഷി വർധിപ്പിക്കുക എന്നത്.

മാത്രമല്ല, ചെറിയ ഹോസ്പിറ്റലുകളുടെ വാല്യേഷൻ വളരെ ഉയർന്നതായതിനാൽ ഏറ്റെടുക്കുക എന്നതും ചെലവേറിയ കാര്യമാണ്. വരും മാസങ്ങളിൽ നിരവധി ഹോസ്പിറ്റലുകൾ അടച്ചു പൂട്ടേണ്ടി വരുന്ന സാഹചര്യത്തിൽ, സാമ്പത്തികമായി കെട്ടിപ്പൂട്ടുള്ള ചെലവു കുറഞ്ഞ ഹോസ്പിറ്റലുകൾക്ക് അടച്ചു പൂട്ടുന്ന ഹോസ്പിറ്റലുകളുടെ കെട്ടിടവും യന്ത്രോപകരണങ്ങളും വാടകയ്ക്ക് എടുത്ത് അവരുടെ ഫീഡിംഗ് മേഖലകളിൽ ചെറിയ ഹോസ്പിറ്റലുകൾ പ്രവർത്തിപ്പിക്കാനാകും.

സാമ്പത്തിക ഭദ്രതയുള്ള ചെലവു കുറഞ്ഞ ഹോസ്പിറ്റലുകൾക്ക് അവരുടെ സ്പെഷ്യാലിറ്റി വിഭാഗത്തിലേക്കുള്ള രോഗികളെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുമെന്ന് മാത്രമല്ല, ഇതിലൂടെ, ഫീഡിംഗ് ഹോസ്പിറ്റലുകൾ സ്വന്തമായി സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ സ്ഥാപിക്കുന്നതിന് പരിഹാരം കാണാനാവുകയും ചെയ്യും.

സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് അടച്ചു പൂട്ടുന്ന ഹോസ്പിറ്റലുകൾ വീണ്ടും തുറക്കുന്നതു മൂലം ആരോഗ്യ മേഖലയുടെ ശേഷി വർധിക്കുന്നതിനാൽ ഈ പ്രവണത സംസ്ഥാനത്തിനും ഗുണകരമാണ്. ഇങ്ങനെ വീണ്ടും തുറക്കുന്ന ഹോസ്പിറ്റലുകൾ നടത്തുന്നത് സാമ്പത്തിക ഭദ്രതയുള്ള മാനേജ്മെന്റ് ആയതിനാൽ ചെലവു കുറഞ്ഞ ചികിത്സ ലഭ്യമാക്കാനാകുകയും ഭൂരിഭാഗം രോഗികൾക്കും താങ്ങാനാകുന്നതും ആയിരിക്കും. ■